# ഭാവികേരളത്തെ രൂപപ്പെടുത്തുന്നത് സ്ത്രീകൾ

കെ.ആർ ഗൗരിയമ്മ



**സ്ത്രീ** വിമോചന-ശാക്തീകരണ ചർച്ച സജീവമാണെന്ന അഭിപ്രായമില്ല. സ്ത്രീ ശാക്തീകരണ ചർച്ച വിപുലമായി എവിടെ നടക്കുന്നു? ഇത്തരം ചർച്ചകൾ വിപുലമായി നടക്കുന്നുവെന്ന് ആരാ പറയുന്നത്? ജമാഅത്തെ ഇസ്‌ലാമി ഒരു വനിതാ സമ്മേളനം നടത്തുന്നുവെന്ന് കരുതി സ്ത്രീശാക്തീകരണ ചർച്ച നടക്കുന്നുവെന്നർഥമില്ലല്ലോ. സ്ത്രീയെ ഇവിടെ വിൽക്കുകയാണ്. വിദ്യാഭ്യാസം നടക്കുന്നുണ്ട്. അടുത്ത വീട്ടിലുള്ളവർ എന്തുപറയും എന്ന് കരുതിയിട്ടാണെങ്കിലും പെൺകുട്ടികളെ പഠിക്കാനയക്കുന്നുണ്ട്. പത്താം ക്ലാസ് വരെയെങ്കിലും അവരെ പഠിപ്പിക്കുന്നുമുണ്ട്. കൂടുതലായി പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ധാരാളമുണ്ട്. ക്രിസ്ത്യൻ-മുസ്‌ലിം-ഈഴവർക്കിടയിലുമെല്ലാം പഠനം നടത്തുന്നവർ വളരെ കൂടുതലാണ്. ജോലി കിട്ടുന്നവരുമുണ്ട്. പക്ഷേ, സ്ത്രീകൾക്കിന്ന് പട്ടിക്കുഞ്ഞുങ്ങളുടെ വിലപോലുമില്ല. പട്ടിക്കുട്ടികളെ ചന്തയിൽ വിൽക്കുന്നതുപോലെയാണ് സ്ത്രീകളെയും വിൽക്കുന്നത്. വലിയ തുക സ്ത്രീധനം കൊടുത്താണ് ഈ കച്ചവടം നടക്കുന്നത്. അവരുടെ മേലുള്ള പരാക്രമവും അതിക്രമവും വർധിച്ചുവരികയാണ്. പുരുഷന്മാരുടെ തുല്യത സ്ത്രീകൾക്കില്ല. ആണും പെണ്ണും ജോലി ചെയ്യുന്നേടത്താണെങ്കിലും സ്ത്രീകൾ ജോലി കഴിഞ്ഞ് വന്ന് വീട്ടിലെ പണിയെല്ലാം എടുക്കണം. പുരുഷൻ ജോലി കഴിഞ്ഞ് കറക്കവും കഴിഞ്ഞ് മദ്യവും സേവിച്ച് വീട്ടിൽ വരുമ്പോൾ അവന്റെ ചെരുപ്പ് പോലും ഊരിക്കൊടുക്കണം എന്നതാണവസ്ഥ. സാമർഥ്യം കാട്ടി പുരുഷന്മാരെ ഭരിക്കുന്ന സ്ത്രീകളുമുണ്ട്. പക്ഷേ സ്ത്രീ ഇന്ന് അരക്ഷിതാവസ്ഥയിലാണ്. അവൾക്ക് ഒരിടത്തും സുരക്ഷിതത്വമില്ല. 1947-ൽ രാഷ്ട്രീയത്തിൽ വന്നവളാണ് ഞാൻ. അന്നുണ്ടായിരുന്ന സുരക്ഷിതത്വം പോലും ഇന്നില്ലെന്നാണ് തോന്നുന്നത്. ഇന്നത്തെ കാലത്ത് ആളുകളെ എങ്ങനെ വിശ്വസിക്കാനാവും. വരുന്നവർ പിടിച്ചുപറിക്കാരോ കൊള്ളക്കാരോ അല്ലെന്ന് എങ്ങനെ ഉറപ്പിക്കാനാവും.

പുറത്ത് വിദ്യാഭ്യാസവും ജോലിയുമൊക്കെ ഉണ്ടെങ്കിലും വീട്ടിൽ പോലും സ്ത്രീകൾ വിൽപ്പനച്ചരക്കാണ്. വലിയ രാഷ്ട്രീയക്കാർ പോലും പെൺമക്കളെ കെട്ടി

ച്ചുവിടുന്നത് മേലുനിറയെ ആഭരണങ്ങളിട്ട് കഥകളി വേഷക്കാരെപ്പോലെയാക്കിയാണ്. ഇന്ന് കടബാധ്യതയുള്ളവരിൽ വലിയൊരു ശതമാനം പെൺമക്കളെ കെട്ടിച്ചയച്ചതിലൂടെ ബാധ്യതക്കാരായവരാണ്. എന്നിട്ടൊരു പാർട്ടി വെച്ച് ആളെ വിളിക്കും. നാട്ടുകാർ വേണം ഇതിനൊക്കെ പണം മുടക്കാൻ എന്നതാണവസ്ഥ. സ്വത്തവകാശം പോലും സ്ത്രീകൾക്ക് ശരിയായി കിട്ടുന്നില്ല. മുമ്പ് മലബാർ ഭാഗങ്ങളിൽ മരുമക്കത്തായം നിലനിന്നിരുന്നപ്പോൾ കുറച്ചെങ്കിലും ഭേദമായിരുന്നു. എന്നിട്ടും സ്ത്രീശാക്തീകരണം നടക്കുന്നുവെന്ന് പറയുന്നത് എത്ര മൗഢ്യമാണ്. പുരുഷന്മാർ കുടിക്കുന്നു, മയക്കുമരുന്ന് ഉപയോഗിക്കുന്നു, തല്ലാൻ പോകുന്നു, മറ്റു തോന്ന്യവാസങ്ങൾക്ക് പോകുന്നു. ഇതെല്ലാം സഹിക്കുന്നത് സ്ത്രീകളാണ്. സമൂഹത്തിന്റെ ദുർനടപ്പിന് ഇരയാകുന്നതും സ്ത്രീകളാണ്. സ്ത്രീകളെ കാഴ്ചവസ്തുക്കളാക്കി വിൽക്കുകയാണ്.

സ്ത്രീകൾ കുടുംബം നോക്കേണ്ടതില്ല എന്നല്ല. തീർച്ചയായും സ്ത്രീകൾ കുട്ടികളെ നോക്കണം, അവരെ വളർത്തണം, കുടുംബവും നോക്കണം. പക്ഷേ, പുരുഷനുമായി ഒരു അഡ്ജസ്റ്റ്മെന്റ് ഉണ്ടാവുകയും വേണം. അഞ്ചാറുപേർ ശാക്തീകരണം പ്രസംഗിച്ചതുകൊണ്ട് ഒന്നുമാകില്ല. പ്രവർത്തനമാണുണ്ടാകേണ്ടത്. രാഷ്ട്രീയക്കാരെല്ലാം അവരവർക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. സ്ത്രീശാക്തീകരണം നടക്കണമെങ്കിൽ എല്ലാ സംഘടനകളും സ്ത്രീകളുടെ അവകാശത്തെക്കുറിച്ച് എടുത്തുചാട്ടമില്ലാതെ അവരെ പഠിപ്പിച്ചു കൊടുക്കണം, എല്ലാ രാഷ്ട്രീയ പാർട്ടികളും കേരളത്തിലുണ്ടല്ലോ. കമ്യൂണിസ്റ്റ് പാർട്ടിയുമുണ്ട്. പക്ഷേ അവർക്കിന്ന് ഐഡിയോളജി ഇല്ല. ലോക്കൽ കമ്മിറ്റി അംഗങ്ങൾ പോലും പ്രമാണിമാരായിക്കൊണ്ടിരിക്കുന്നു. സാമൂഹിക നീതിയും രാഷ്ട്രീയത്തിൽ സംശുദ്ധതയും വരണം. പക്ഷേ, ഇന്ന് എല്ലായിടത്തും അഴിമതിയാണ് നിലനിൽക്കുന്നത്. 1948–'52 കാലഘട്ടമാണ് കമ്യൂണിസ്റ്റ് പാർട്ടിക്ക് ജനസ്വാധീനം കൂടുതലുണ്ടായത്. അവർ കൂടുതൽ പീഡനം ഏറ്റതും ആ കാലത്താണ്. പക്ഷേ, ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നു. കാര്യങ്ങൾ നന്നാകണമെങ്കിൽ സമൂഹത്തിൽ അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ കഴിയണം.

ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നെന്ന് പറയുന്നതാരുടേതാണ്? നക്സലിന്റെതാണോ? അജിതയുടേതാണോ? അങ്ങനെ എന്തെങ്കിലും പ്രവർത്തനങ്ങൾ ശരിക്കും നടക്കുന്നുണ്ടോ? ഞങ്ങളൊക്കെ '52 കാലത്ത് നടത്തിയത് ജനാധിപത്യരീതിയിലുള്ള കാമ്പയിനുകളായിരുന്നു. സ്ത്രീകളെ ഉദ്ധരിക്കാൻ ആവശ്യമായിട്ടുള്ളതും അത്തരം കാമ്പയിനുകളാണ്. അങ്ങനെയേ മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ. ആളുകളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഒരു ശാക്തീകരണവും സാധ്യമല്ല. 30 കൊല്ലം പശ്ചിമ ബംഗാളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണം നടന്നു. അവിടെ സ്ഥിതി എന്താണ്? ജന്മിത്വം പോലും അവസാനിപ്പിക്കാനായിട്ടില്ലല്ലോ?!

ജാതിയൊക്കെ ആകാം. പക്ഷേ, അത് കോൺഫ്ളിക്റ്റാകാൻ പാടില്ല. ഐഡിയോളജി പറയുന്നവർക്ക് അത് വാക്കിലേയുള്ളൂ. എല്ലാവരും ഐഡിയോളജിയിൽ വെള്ളം ചേർത്തു. ജാതീയത നിലനിന്നിരുന്നതിൽ നിന്നാണ് പിന്നാക്കവും മുന്നാക്കവുമുണ്ടായത്. ജാതീയതയിലൂടെ പിന്നാക്കമായവരെ ഉയർത്തിക്കൊണ്ടുവരാനാണ് സംവരണം ഏർപ്പെടുത്തിയത്. ഇപ്പോൾ എൻ.എസ്.എസ്സും സംവരണം വേണമെന്നാണ് പറയുന്നത്. ശൂദ്രനും ചണ്ഡാലനുമെന്നൊക്കെപ്പറഞ്ഞ് ചരിത്രപരമായി ഉദ്യോഗ വിദ്യാഭ്യാസങ്ങളിൽനിന്ന് അകറ്റിനിർത്തപ്പെട്ടവരെ ഉയർത്തിക്കൊണ്ടുവരാനായിരുന്നു സംവരണം. ഇതിനെതിരെയുള്ള സ്ത്രീപക്ഷ പോരാട്ടത്തിന് ഏതെങ്കി

ലും പ്രത്യയശാസ്ത്ര അടിത്തറയല്ല വേണ്ടത്, സ്ത്രീയും പുരുഷനും തുല്യരാണെന്ന് പുരുഷന്മാർ കൂടി അംഗീകരിക്കുന്ന ഒരു സാമൂഹിക ചുറ്റുപാടുണ്ടാവുകയാണ് വേണ്ടത്. സ്ത്രീ– പുരുഷ സമത്വത്തിനായി രണ്ടു കൂട്ടരും യത്നിക്കുക. സ്ത്രീ മാത്രം വിചാരിച്ചാൽ പോര. കുടുംബത്തിന്റെ നിലനിൽപ്പിനും സ്ത്രീ–പുരുഷ സമത്വം വേണം. കേരളത്തിനും ഇന്ത്യക്കും ലോകത്തിനും അതാണുത്തമം.

ആദിവാസികളുടെയും പാവപ്പെട്ടവരുടെയും സമരത്തിന് ഞാനെതിരല്ല. ചെങ്ങറ ഒരു തോട്ടമാണ്, അവിടെ അങ്ങനെയായിരുന്നില്ല സമരം വേണ്ടിയിരുന്നത്. അത്തരം സമരങ്ങളിലും സ്ത്രീകൾ പങ്കെടുത്തു കാണും. എവിടെയാണ് സ്ത്രീകളില്ലാത്തത്, എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്തമുണ്ട്. പുരുഷന്മാർ അലസരാകുകയാണ്. അവർ ക്വട്ടേഷനും പരാക്രമങ്ങളുമായി നടക്കുകയാണ്. ഭാവികേരളത്തെ രൂപപ്പെടുത്തുന്നതിൽ സ്ത്രീകളുടെ പങ്ക് നിർണായകമാണ്. എനിക്കൊരു ഇരുപത്തിയഞ്ച് വയസ്സായിരുന്നെങ്കിലെന്ന് ആഗ്രഹിക്കാറുണ്ട്. വയസ്സ് 90 കഴിഞ്ഞു. നവതിയും ആഘോഷിച്ച് ഒതുങ്ങിയിരിക്കുകയാണിപ്പോൾ.

പാർലമെന്റിൽ സ്ത്രീസംവരണമൊന്നും നടക്കാൻ പോകുന്നില്ല. എത്ര കാലമായി ഇത് പറയാൻ തുടങ്ങിയിട്ട്. ഇതു നടക്കണമെങ്കിൽ സ്ത്രീകൾ തീരുമാനമെടുക്കണം. ഇനി പാർലമെന്റ് തെരഞ്ഞെടുപ്പിൽ സ്ത്രീകളെ സ്ഥാനാർഥിയാക്കിയാലേ വോട്ടു ചെയ്യൂ എന്ന് തീരുമാനിക്കണം. അതേ ഇനി മാർഗമുള്ളൂ. എല്ലാ പാർട്ടികളും സ്ത്രീസംവരണം അട്ടിമറിക്കാൻ കൂട്ടുനിൽക്കുന്നുണ്ട്. അവിടെ എല്ലാവരും ആണുങ്ങളാണ്. തനിക്ക് പഞ്ചായത്ത് പ്രസിഡന്റാകണം, മുൻസിപ്പാലിറ്റിയിൽ സ്ഥാനം വേണം, എം.എൽ.എ ആകണം, എം.പി ആകണം എന്നൊക്കെയാണ് ഓരോ ആണുങ്ങളും ആഗ്രഹിക്കുന്നത്. എന്തൊരു കടിപിടിയാണിതിൽ നടക്കുന്നത്. പാർട്ടികളിൽ എല്ലാതരത്തിലും ആൺകോയ്മ നിലനിൽക്കുന്നുണ്ട്. എന്റെ കാര്യത്തിൽ തന്നെ അങ്ങനെയാണല്ലോ. ഞാൻ തോറ്റുകൊടുക്കുകയായിരുന്നു! അഡ്ജസ്റ്റ്മെന്റിന് ഞാനാണല്ലോ മുതിർന്നത്. സ്ത്രീകൾ തോറ്റുകൊടുക്കരുതെന്നല്ല. കുടുംബം ഭദ്രമാക്കാൻ അതാകാം. അമ്മയാണ് കുട്ടികളോട് ഏറ്റവും അടുത്തിടപഴകുന്നത്. അഡ്ജസ്റ്റ്മെന്റ് വേണം, എന്നാൽ അടിമത്തമാകരുത്.

സ്ത്രീകളെ സംഘടിതശക്തിയാക്കി കൊണ്ടുവരണം. സ്ത്രീകളെ നേതൃസ്ഥാനത്ത് കൊണ്ടുവരാൻ ശക്തമായ കാമ്പയിൻ നടക്കണം. സ്ത്രീകൾക്കിടയിൽ തന്നെ ഇപ്പോഴുള്ള കാമ്പയിൻ അവരുടെ ചുരിദാറിന്റെ നിറത്തിലും സാരിയുടെ ഡിസൈനിലും ആഭരണത്തിന്റെ മോഡലിലുമൊക്കെയാണ്. ഇത് മാറുകയും വേണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായ കറപ്ഷനാണ് നടക്കുന്നത്. സർക്കാർ ഫണ്ടിന്റെ 45 ശതമാനം ഈ സ്ഥാപനങ്ങൾ വഴി ചെലവാകുന്നുണ്ട്. പക്ഷേ അതിന്റെ പുരോഗതി പഞ്ചായത്തുകളിലും മറ്റും കാണുന്നില്ല. രാഷ്ട്രീയം ജനസേവനത്തിനാണെന്ന ബോധം തന്നെ പോയിരിക്കുന്നു. സ്വന്തത്തിനും കുടുംബത്തിനും വേണ്ടിയാണിന്ന് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്. ആണു വന്നാലും പെണ്ണുവന്നാലും ഇതുതന്നെയാണ് നടക്കുക. ആദർശശുദ്ധിയുള്ള പാർട്ടി വരുന്നതിലൂടെയേ ഇത് മാറ്റാൻ കഴിയൂ. സ്ത്രീകളെ മുൻനിർത്തി പാർട്ടി സെക്രട്ടറിയും അതുപോലുള്ള ആണുങ്ങളുമാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ആത്മാർഥതയും ത്യാഗവും അവകാശങ്ങൾ നേടിയെടുക്കാനുള്ള ബോധവും ഐഡിയോളജിയും സ്ത്രീകൾക്ക് പഠിപ്പിച്ച് കൊടുക്കണം.

പർദ സ്ത്രീ പുരുഷ സമത്വത്തിന്റെ സിംബലാണോ? ഞാൻ കാണുന്ന കാലത്ത് കേരളത്തിലെ മുസ്‌ലിം സ്ത്രീകൾക്ക് മുണ്ടും ചട്ടയുമായിരുന്നു, ചിലർ

തലയിലും തുണിയിടും. അത് കേരളീയ വസ്ത്രമാണ്. കാലാന്തരത്തിൽ എങ്ങനെയാണ് ഈ പർദാ രീതിയിലെത്തിയത്. മുസ്‌ലിം നവോത്ഥാന പ്രസ്ഥാനങ്ങൾ സ്ത്രീകൾ കണ്ണുമാത്രം പുറത്തുകാണുന്ന രീതിയിൽ നടക്കണമെന്നാണോ വാദിക്കുന്നത്. കന്യാസ്ത്രീകൾ ധരിക്കുന്നു എന്നു പറയുന്നതിൽ അർഥമില്ല. അവർ ഇഹലോകം വെടിഞ്ഞ് ദൈവത്തിൽ മാത്രം മുഴുകി ജീവിക്കുന്നവരാണ്. അവരത് ധരിക്കുന്നതിൽ വിരോധമില്ല. അവർക്കതാവാം. എന്തൊക്കെ പറഞ്ഞാലും പർദ അടിമത്തത്തിന്റെ അടയാളമാണെന്ന ധാരണ മറ്റു സമുദായങ്ങൾക്കിടയിലുണ്ട്. സമുദായങ്ങൾ തമ്മിൽ വസ്ത്രധാരണത്തിലും മറ്റും വിവേചനം പാടില്ല. ജാതിചിന്തയില്ലാതെ മതേതര സമൂഹം കെട്ടിപ്പടുക്കുകയാണ് വേണ്ടത്. പർദ കൊണ്ടുദ്ദേശിക്കുന്നത് സ്ത്രീകൾ എക്സ്പോസ് ചെയ്യാൻ പാടില്ലെന്നാണല്ലോ. പിന്നെ എങ്ങനെയാണ് ശാക്തീകരണം നടക്കുന്നത്. പർദ ഇട്ടു നടക്കാൻ തന്നെ പ്രയാസമാണെന്ന് തോന്നുന്നു. താറാവിൻ കൂട്ടത്തെപ്പോലെ തെളിയിച്ചു നടക്കണമെന്നാണോ ഇതുകൊണ്ടുദ്ദേശിക്കുന്നത്. സ്ത്രീകളുടെ കച്ചവടവത്കരണത്തിനെതിരിലുള്ള വിപ്ലവമാണ് പർദയെന്ന് കരുതുന്നില്ല.

ടി.വിയിലും മറ്റും കാണുന്ന നഗ്നതാഭാസത്തിനെതിരാണ്. അത് മഹാ വൃത്തികേടാണ്, കല്ലെറിയേണ്ടതുമാണ്. ആണുങ്ങൾ ഫുൾസ്യൂട്ടിലും പെണ്ണുങ്ങൾ നഗ്നരുമാവുന്നതിനോട് കടുത്ത എതിർപ്പുണ്ട്. ഉദ്യോഗം, വിദ്യാഭ്യാസം, രാഷ്ട്രീയം എന്നിവയിൽ സ്ത്രീകൾക്ക് ഉയർച്ച വേണം. സ്ത്രീകൾക്ക് സംവരണം നൽകുന്നത് ജാതി നോക്കിയല്ല, അവർ പിന്നാക്കമായതിനാലാണ്. വിദ്യാഭ്യാസവും രാഷ്ട്രീയ ബോധവും അവർക്കുവേണം. സംവരണം അവർക്കുള്ള സമ്മാനമല്ല, സ്ത്രീകളുടെ ഉന്നമനത്തിനാണ്.

സ്ത്രീശാക്തീകരണ ചർച്ച എങ്ങനെയാവണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നില്ല. ചർച്ച എങ്ങനെയുമാകാം. ലക്ഷ്യമെത്തുന്നതിനുള്ള പ്രവർത്തനത്തിൽ ഒരു പ്രമേയം പാസ്സാക്കണം. പുരുഷന്മാർ സഹകരിക്കണമെന്നവരോട് പറയണം. സ്ത്രീകൾ നിങ്ങളെപ്പോലെ തുല്യതയിലെത്തിയാലേ കുടുംബം വിജയിക്കുകയുള്ളൂ, കുടുംബ ഭദ്രതയുണ്ടാകൂ. നല്ല ജീവിതം എല്ലായിടത്തും വരണം. സ്ത്രീ അടിമയാകാൻ പാടില്ല. ■